"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 – കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആഫീസ് ജവഹർ സഹകരണ ഭവനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അധികമായി തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.161/2025/Co-Op തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. സ.ഉ (പി) നം. 102/2017/ധന തീയതി 07/08/2017
2. സഹകരണ സംഘം രജിസ്ട്രാറുടെ 05/02/2025 ലെ ആർ.സി.എസ്./8209/2022എ(5) നം കത്ത്

**ഉത്തരവ്**

പാളയം കോ-ബാങ്ക് ടവറിൽ പ്രവർത്തിച്ചിരുന്ന കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആഫീസ് ജവഹർ സഹകരണ ഭവനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും, ലേബർ വകുപ്പ് നിശ്ചയിച്ചിട്ടുള്ള കയറ്റിയിറക്ക് കൂലി, മറ്റു അനുബന്ധ ചെലവുകൾക്കുമായി നിയമാനുസൃതമായ നടപടിയും പാലിച്ച് 50,000/- രൂപ “2425-00-101-96-00-05-04 other item "എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിരുന്നു. എന്നാൽ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആഫീസിന്റെ ആഫീസ് മാറ്റി സ്ഥാപിക്കുന്നതിന് 99,560/- രൂപ ചെവഴിച്ചിട്ടുണ്ടെന്നും അധികമായി ചെലവഴിച്ച 49,580 രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കണമെന്ന് കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, അപ്രകാരം സാധൂകരണം നൽകി ഉത്തരവാകണമെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആഫീസ് ജവഹർ സഹകരണ ഭവനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് **2425-00-101-96-00-05-04 other item** ശീർഷകത്തിൽ നിന്ന് **99,580/-** രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/55/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 28-03-2025 17:23:07
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3.സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ